# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 171 09.06.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**തെരഞ്ഞെടുപ്പുകാലത്ത് ഉപയോഗിച്ച കള്ളപ്പണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. കെ. ദാസൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കഴിഞ്ഞ തെരഞ്ഞെടുപ്പ് വേളയിൽ സ്ഥാനാർത്ഥികൾക്കുവേണ്ടിയുള്ള പ്രവർത്തനത്തിന് വിനിയോഗിക്കാൻ കള്ളപ്പണം കൊണ്ടുപോകുന്നതിനിടയിൽ പിടികൂടപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; | (എ) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) തെരഞ്ഞെടുപ്പിൽ വോട്ടർമാരെ സ്വാധീനിക്കാൻ കപ്പലിൽ 500 കോടി കൊണ്ടുവന്നതായുള്ള റിപ്പോർട്ടിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ; വിശദമാക്കാമോ ; | (ബി) ഇത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) തെരഞ്ഞെടുപ്പു കാലത്ത് മതിയായ രേഖകളില്ലാതെ പണം കടത്തിയ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; തെരഞ്ഞെടുപ്പ് കാലയളവിൽ തെരഞ്ഞടുപ്പ് ഉദ്യോഗസ്ഥന്മാർ കണ്ടെത്തിയ കള്ളപ്പണക്കേസുകൾ എത്രയായിരുന്നു? | (സി) ഇലക്ഷൻ കാലയളവിൽ മതിയായ രേഖകളില്ലാതെ പണം കൊണ്ടുപോയതുമായി ബന്ധപ്പെട്ട് തൃശ്ശൂർ റൂറൽ ജില്ലയിൽ 7 കേസുകളും മലപ്പുറം ജില്ലയിൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ 49 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ